കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി9/1111/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 01/11/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി9/1111/2024 തീയ്യതി: 01/11/2024

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനിൽകുമാർ റ്റി.	ഡെപ്യൂട്ടി ഡയറക്ടർ	21-10-2024	29-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-10-2024	29-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺ പി.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അരുൺകുമാർ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനിൽകുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കുട്ടപ്പൻ കെ.എ.	പ്രസിഡന്റ്	01-04-2023	05-04-2023
ശ്രീമതി രശ്മി പി.വി.	പ്രസിഡന്റ്	06-04-2023	29-04-2023
ശ്രീ. ഷാജി. കെ.സാമുവേൽ	പ്രസിഡന്റ്	30-04-2023	31-03-2024
ശ്രീ. സേതു ആർ.	സെക്രട്ടറി	01-04-2023	31-05-2023
ശ്രീ. സെബാസ്റ്റ്യൻ ബി. മോറിസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2023	11-07-2023
ശ്രീ. ഷാഹൽ ഹമീദ്	സെക്രട്ടറി	12-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സെബാസ്റ്റ്യൻ ബി. മോറിസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി ശാന്ത ആർ.	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീ. അഭിലാഷ് ബി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	16-02-2024
ശ്രീമതി സൂര്യ എസ്. നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	17-02-2024	31-03-2024
ശ്രീമതി ദീപിക എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി അഞ്ജന മോഹൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ഡോ. വിജി വിജയൻ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ. സംഗീത വി.സി.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	17-07-2023
ഡോ. മനോജ് ജി.എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	18-07-2023	14-11-2023
ഡോ. ആശ വി. ശശി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	15-11-2023	31-03-2024
ശ്രീമതി രമ്യ കെ.ബി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തണ്ണിത്തോട് സർക്കിൾ	01-04-2023	31-03-2024
ശ്രീമതി അജ്മി എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എലിമുള്ളുംപ്ലാക്കൽ സർക്കിൾ	01-04-2023	31-03-2024
ശ്രീമതി ആലിയ ഫർസാന	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. പാർവ്വതി പി.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	01-04-2023	31-05-2023
ഡോ. സോണിയ വിൽസൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	01-06-2023	11-07-2023
ഡോ. കിൻ രവി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.	12-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-1
3	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-2
4	വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല	1-1-4
6	ധനകാര്യകമ്മീഷൻ ഗ്രാന്റ്- തുക (-)ആയി രേഖപ്പെടുത്തി	1-1-5
7	ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല	1-1-6
8	ആസ്തി വിറ്റഴിച്ചത് അക്കൗണ്ട്സിൽ ക്രമീകരിച്ചില്ല	1-1-7
9	Prepaid Programme Expense-അക്കൗണ്ട് ചെയ്തിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല	1-1-8
10	സേവന നികുതി തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി	1-1-9
11	Prior Period Income- ആധികാരിക രേഖകൾ ഇല്ല	1-1-10
12	ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല	1-1-11
13	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം	1-3
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമ പദ്ധതികൾ	1-7
20	ക്യാഷ് പരിശോധന	1-8
21	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
23	പഞ്ചായത്തിന്റെ സാമ്പത്തിക നില- റവന്യൂ കമ്മി തുടരുന്നു	1-11
24	തനതു വരുമാന സമാഹരണം	1-12
25	തനത് വരുമാന സമാഹരണം കുറഞ്ഞു- ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്തു	1-13
26	നിർമ്മാണം പൂർത്തിയാക്കിയ മുഴുവൻ കെട്ടിട ഭാഗത്തിനും വസ്തു നികുതി നിർണ്ണയിച്ചില്ല	1-14
27	വസ്തു നികുതി നിർണ്ണയം - അനർഹമായി ഇളവ് നൽകി	1-15
28	വസ്തു നികുതി നിർണ്ണയം - മേഖലാ ഇളവ് നൽകിയതിൽ അപാകത	1-16
29	തൊഴിൽനികുതി പിരിവ് അപൂർണ്ണം	1-17
30	വാടക പൂർണ്ണമായി പിരിച്ചെടുത്തില്ല	1-18
31	അക്കൗണ്ട് ആരംഭിച്ചിട്ടും ഇ-ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നത് ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ	1-19
32	മിനിട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം	1-20
33	ലൈബ്രറി സെസ്സ് അടച്ചില്ല	1-21
34	ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ കൈമാറി- 6400 രൂപയുടെ നഷ്ടം	1-22
35	ഹെൽത്ത് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല	1-23
36	ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെട്ടു	1-24
37	ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല	1-25
38	ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു	1-26

39	ഭവന പുനരുദ്ധാരണം-അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം നിർമ്മാണം ആരംഭിച്ചിട്ടില്ല	1-27
40	ദുരിതാശ്വാസ നിധി നിഷ്ക്രിയം	1-28
41	ശിശുസൗഹൃദ സ്മാർട്ട് അങ്കണവാടി -മരാമത്ത് പ്രവൃത്തികളിൽ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	1-29
42	എസ്റ്റിമേറ്റ് പ്രകാരമുള്ള ഫീസ് അടച്ചിട്ടും പൊതു ടാപ്പുകൾ വിച്ഛേദിച്ചിട്ടില്ല	1-30
43	പകൽ വീട് യാഥാർത്ഥ്യമാകുവാൻ വൈകുന്നു	1-31
44	തണ്ണിത്തോട് മാർക്കറ്റിലെ കാർഷിക വിപണന കേന്ദ്രം-നിർമ്മാണം അനന്തമായി നീളുന്നു	1-32
45	എയ്റോബിക് കംപോസ്റ്റ് യൂണിറ്റ്- പ്രവർത്തനക്ഷമമാക്കുവാൻ തുടനടപടികൾ സ്വീകരിക്കണം	1-33
46	പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച	1-34
47	മരാമത്ത് പ്രവൃത്തികൾക്ക് മോണിറ്ററിംഗ് ഇല്ല	1-35
48	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല	1-36
49	കുടുംബാരോഗ്യകേന്ദ്രം-മരുന്ന് ലഭിക്കാനവശേഷിക്കുന്നു	1-37
50	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ– കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-38
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	ഗുണഭോക്താവ് മരണപ്പെട്ടശേഷവും പെൻഷൻ കൈമാറി- 6,400 രൂപയുടെ നഷ്ടം	3-1
	ഭാഗം 4	
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-7
8	ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2024 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 18/06/2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 19/06/2024-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
01/11/2024

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ എല്ലാ ഡിമാന്റ് എൻട്രികളും മാർച്ച് 31-നാണ് ബുക്ക് ചെയ്തിരിക്കുന്നത്.

1-1-3 വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B-15, B-9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

1-1-5 ധനകാര്യകമ്മീഷൻ ഗ്രാന്റ്- തുക (-)ആയി രേഖപ്പെടുത്തി

ഷെഡ്യൂൾ ബി-4: ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം (ടൈഡ് ഫണ്ട്) വരവിൽ കവിഞ്ഞ് അധികമായി 20,56,514 രൂപ ചെലവഴിച്ചു. ആയതിനാൽ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പ് തുക (-) ആയി രേഖപ്പെടുത്തിയിരിക്കുന്നു.

1-1-6 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം. 115/24) 200000 രൂപയുടെ ചെലവ്- Furniture For SC Students എന്ന ഹെഡിൽ (251100607) തെറ്റായി ബുക്ക് ചെയ്തു.

2. പഞ്ചായത്ത് ലൈബ്രറിക്ക് ഫർണ്ണീച്ചർ വാങ്ങിയത് ആകെ ചെലവ് 69680 രൂപ. അതിൽ 50,000 രൂപ ആസ്തി ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതിന് പകരം തെറ്റായി റവന്യൂ ഹെഡിൽ ബുക്ക് ചെയ്തു (251101101). ബാലൻസ് തുക ആസ്തി ഹെഡിൽ ബുക്ക് ചെയ്തു.

3. കോൺഫറൻസ് ഹാൾ നവീകരണം എന്ന പദ്ധതി ആസ്തികളുടെ മൂല്യ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുള്ള ചെലവ് (രൂ. 7,55,921) തെറ്റായി റവന്യൂ ഹെഡിൽ ബുക്ക് ചെയ്തു.

4. ക്രിമിറ്റോറിയത്തിന് ചെലവഴിച്ച 1,91,828 രൂപ ആസ്തിമൂല്യം വർദ്ധിച്ച ചെലവായതിനാൽ ആസ്തി ഹെഡിൽ ബുക്ക് ചെയ്യേണ്ടതിന് പകരം റവന്യൂ ഹെഡിൽ (251130301) ബുക്ക് ചെയ്തു.

1-1-7 ആസ്തി വിറ്റഴിച്ചത് അക്കൗണ്ട്സിൽ ക്രമീകരിച്ചില്ല

ഷെഡ്യൂൾ ബി11(e): പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം വിറ്റതിന്റെ വില (രൂ.2,46,000) അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും ആയത് ആസ്തിയിൽ കുറവ് ചെയ്ത് വാർഷിക കണക്കിൽ ക്രമീകരിച്ചിട്ടില്ല.

1-1-8 Prepaid Programme Expense-അക്കൗണ്ട് ചെയ്തിട്ടുള്ള തുകയ്ക്ക് കൃത്യതയില്ല

Schedule B-16: Prepaid Programme Expense- തൻവർഷം അക്കൗണ്ട് ചെയ്തിട്ടുള്ള തുകയായ 4,33,656 രൂപയ്ക്ക് കൃത്യമായ രേഖകൾ ഇല്ല.

1-1-9 സേവന നികുതി തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി

ഷെഡ്യൂൾ B-15: Receivables For Surcharge On Property Tax(Current) Rs. 29,114 – തെറ്റായ ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു.

1-1-10 Prior Period Income- ആധികാരിക രേഖകൾ ഇല്ല

ഷെഡ്യൂൾ I-19: Prior Period Income- അക്കൗണ്ട് ചെയ്തിട്ടുള്ള തുകയ്ക്ക് ആധികാരികതയോ കൃത്യതയോ ഇല്ല.

1-1-11 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല. അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, ജനറൽ കമ്മറ്റിയുടെ 22-03-2023-ലെ 1-(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 05-02-2024-ലെ 1-ാം നമ്പർ തീരുമാന പ്രകാരം കമ്മറ്റി അംഗീകാരം നൽകി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും, യഥാർത്ഥ വരവ് ചെലവും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	
	ബജറ്റ് പ്രകാരം	(റസീറ്റ് & പേയ്മെന്റ് പ്രകാരം)	(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം)
മുന്നിരിപ്പ്	1444858	9298333	
വരവ്	214779588	46317758	
ആകെ	216224446	55616091	150910131
ചെലവ്	215200588	40653100	148109778
നീക്കിയിരിപ്പ്	1023858	14962991	

1-3 സാമ്പത്തിക വിശകലനം

ഇനം	(റസീറ്റ് & പേയ്മെന്റ് പ്രകാരം)	(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം)
മുന്നിരിപ്പ്	92,98,333	
വരവ്	4,63,17,758	
ആകെ	5,56,16,091	15,09,10,131
ചെലവ്	4,06,53,100	14,81,09,778
നീക്കിയിരിപ്പ്	1,49,62,991	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട്- ജനറൽ *	ഇല്ല	4,32,21,495	4,32,21,495	2,81,43,813	--	1,50,77,682
വികസന ഫണ്ട്- എസ്.സി.പി	„	36,50,000	36,50,000	26,26,958	--	10,23,042
വികസന ഫണ്ട്- റ്റി.എസ്.പി	„	3,33,265	3,33,265	1,92,549	--	1,40,716
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	14,46,063	54,30,000	68,76,063	89,89,862	-21,13,799	--
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	57,47,827	72,40,000	1,31,94,314	46,25,736	85,68,578	--
	പലിശ	2,06,487				
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	ഇല്ല	53,82,000	53,82,000	38,06,511	--	15,75,489
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	„	44,46,600	44,46,600	44,42,328	--	4,272
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്						

ലൈഫ് -സംസ്ഥാനം വിഹിതം	--	85,00,000	85,00,000	85,00,000	0	
ശുചിത്വ മിഷൻ	6,20,761	--	6,20,761	57,000	5,63,761	
ഐ.സി.ഡി.എസ്.	20,55,572	9,99,134	30,54,706	59,058	29,95,648	
ഹെൽത്ത് ഗ്രാന്റ്	4,63,451	39,79,311	44,42,762	13,36,690	31,06,072	
സർവ്വശിക്ഷ അഭിയാൻ	1,93,343	--	1,93,343	--	1,93,343	

* നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ കുറവു സംഭവിച്ചതിനാൽ നടപ്പ് വർഷം 4,37,240 രൂപ വികസനഫണ്ടിൽ കുറവ് ചെയ്തു.

* ജനറൽ വിഭാഗത്തിൽ നിന്നും 65,265 രൂപ റ്റി.എസ്.പി. ഫണ്ടിലേക്ക് പരിഹാര വകയിരുത്തൽ നടത്തിയിട്ടുണ്ട്.

* 2023-24 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റ് 9 ഗഡുക്കളായി 59,80,500 രൂപ ലഭിച്ചിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	4,79,698.00
വികസന ഫണ്ട്-എസ്.സി.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	5,76,958.00
വികസന ഫണ്ട്-റ്റി.എസ്.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	41,849.00
വികസന ഫണ്ട്-ജനറൽ	അങ്കണവാടി അധിക വേതനം	10,33,800.00

1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	നടപ്പാക്കിയ പ്രോജക്ടുകൾ	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
261	157750468	68593000	180	81	68.97

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	11	11	3576582	2791653
2.	കൃഷി ഓഫീസർ	12	10	6033360	2272099
3.	സെക്രട്ടറി	39	31	13784055	9019567
4.	വെറ്ററിനറി സർജൻ	9	4	6664400	1211430
5.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	26	17	67603311	27000763
6.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	9	6	4291050	1262955
7.	ഡയറിഫാം ഇൻസ്ട്രക്ടർ	1	1	675000	625000
8.	അസിസ്റ്റന്റ് സെക്രട്ടറി	9	6	1350650	981255
9.	ഹെഡ്മാസ്റ്റർ	13	7	3183045	2343783
10.	അസിസ്റ്റന്റ് എഞ്ചിനീയർ	128	83	49238915	19787920
11.	മെഡിക്കൽ ഓഫീസർ, ഹോമിയോ	4	4	1350100	1296575

ആകെ	261	180	157750468	68593000

സെക്രട്ടറി നടപ്പിലാക്കിയ ജി.ഒ. പ്രോജക്ടുകളുടെ അടങ്കൽത്തുക (2132305) സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കൽ കോളത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. അതിനാൽ പട്ടികയിൽ കാണിച്ചിരിക്കുന്ന അടങ്കൽ, സുലേഖയിലെ കണക്കുകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
നേരിട്ട് ചെലവഴിച്ചത്	0	43361472	43361472	43361472	0
ഭരണച്ചെലവ്	1020	2446134	2447154	2447054	100

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	4460600	390
വിധവാപെൻഷൻ	6778800	635
വാർദ്ധക്യകാലപെൻഷൻ	17190500	1652
ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	2197500	196
50വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	78400	7

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2024 10.30 Am-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,660 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്.
- പരാതി രജിസ്റ്റർ, വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, എന്നിവ കൃത്യമായി പരിപാലിച്ചിട്ടുണ്ട്. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചുവരുന്നു. സ്ഥാപന സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള പേറോൾ നിയന്ത്രണം നിലവിലുണ്ട്.
- ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, തനതു വരുമാനം സമാഹരിക്കുന്നതു സംബന്ധിച്ച് ചർച്ചകൾ നടത്തി, തീരുമാനങ്ങൾ കൈക്കൊള്ളുകയും, നികുതി പിരിവ് പുരോഗതി അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്.
- പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കൂടുതൽ

കാര്യക്ഷമവും ഫലപ്രദവുമാകേണ്ടതുണ്ട്.

- ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്. വരവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. അതുപോലെ തന്നെ ലെഡ്ജർ ബാലൻസുകൾ യഥാസമയം റിക്കൺസിലിയേഷൻ നടത്തുന്നില്ല. ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-1-ൽ പരാമർശിച്ചിട്ടുണ്ട്.
- എല്ലാ അക്കൗണ്ടുകളും അതത് മാസാന്ത്യം തന്നെ ബാങ്ക് ബുക്ക്/പാസ് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്തി കൃത്യമാക്കി സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യമായി.
- നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ രേഖ എന്നിവ ഇല്ലാത്തതിനാൽ ലക്ഷക്കണക്കിനുള്ള മുൻകൂർ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു.
- പഞ്ചായത്ത് യോഗനടപടിക്കുറിപ്പുകളുടെ നക്കൽ, യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി അംഗീകരിച്ച് സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും, സെക്രട്ടറി ഉടൻതന്നെ അത് സകർമ്മ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10.03.2022	02/2022	08.06.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18.01.2018	2012-13 To 2016-17	09.03.2018

1-11 പഞ്ചായത്തിന്റെ സാമ്പത്തിക നില- റവന്യൂ കമ്മി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ തനത് വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല എന്നു കാണുന്നു. 2022-23 വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി 1.04 കോടിയിൽ നിന്നും 80 ലക്ഷമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്/അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്).

തനത് വരുമാനം	**2022-23**	**2023-24**	**തനത് ചെലവുകൾ**	**2022-23**	**2023-24**
നികുതി വരവുകൾ	3168006	3633146	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	12278568	11025958
നികുതിയേതര വരവുകൾ	557387	923695	ഭരണപരമായ ചെലവുകൾ	543857	739925
പലിശയും മറ്റ് വരവുകളും	234544	657762	പ്രവർത്തന ചെലവുകളും പരിപാലനവും	1538751	1501468
			മറ്റ് ചെലവുകൾ	1500	59
ആകെ	3959937	5214603		14362676	13267410
റവന്യൂകമ്മി	**-10402739**	**-8052807**			

നടപ്പ് സാമ്പത്തിക വർഷം പൊതു ആവശ്യ ഗ്രാന്റായി 59,80,500 രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ് എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്. സാമ്പത്തിക പ്രതിസന്ധി കാരണം വെള്ളക്കരം കൃത്യമായി ഒടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുപൊലെ തന്നെ കാരണം ലൈബ്രറി സെസ്സും മറ്റും സമയബന്ധിതമായി

അടയ്ക്കുവാൻ സാധിക്കുന്നില്ല. 2024 മാർച്ച് മാസത്തിലെ വെള്ളക്കരം കുടിശ്ശിക 30 ലക്ഷം രൂപയാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഇവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും, ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിക്കാതെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായി പ്രയോജനപ്പെടുത്തി പരമാവധി വിഭവം സാധ്യമായ മാർഗ്ഗങ്ങളിൽനിന്നെല്ലാം സ്വരൂപിക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകേണ്ടതാണ്.

1-12 തനതു വരുമാന സമാഹരണം

വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ് എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. കഴിഞ്ഞ ഏതാനും വർഷങ്ങളായി നികുതി, നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ പുരോഗതിയുണ്ട്. 2022-23-ൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായെങ്കിലും 2023-24-ൽ പെർമിറ്റ് ഫീ ഒഴികെയുള്ള നികുതി, നികുതിയേതര വരുമാനം നേരിയ തോതിൽ കുറയുകയാണുണ്ടായത്. 2020, 2021, 2022 വർഷങ്ങളിലെ കുടിശ്ശിക 2022-23-ൽ പിരിച്ചെടുത്തതാണ് ഈ വ്യത്യാസത്തിനു കാരണം. 2021-22 മുതലുള്ള തനതു വരുമാനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	വർഷം		
	2021-22	2022-23	2023-24
വസ്തുനികുതി	1710664	2184530	2074522
തൊഴിൽനികുതി	1015000	1068486	1029970
ലൈസൻസ് ഫീ	77100	119600	91000
പെർമിറ്റ് ഫീ	46224	61249	289121
ആകെ	2848988	3433865	3484613

വസ്തുനികുതി കുടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തു പ്രദേശത്തെ സ്വകാര്യ വ്യവസായ, വ്യാപാര സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, തനതു വരുമാനം സമാഹരിക്കുന്നതു സംബന്ധിച്ച് ചർച്ചകൾ നടത്തി, തീരുമാനങ്ങൾ കൈക്കൊള്ളുകയും, നികുതി പിരിവ് പുരോഗതി അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്.

വസ്തുനികുതി പുനർ നിർണ്ണയം പൂർത്തിയായില്ല

വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗ ക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണെന്ന് ജി.ഒ.(എം.എസ്.)നം.77/2023/തസ്വഭവ തീയതി 22.03.2023 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനാ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, യോഗ്യതയുള്ളവരെ തെരഞ്ഞെടുത്ത്, ഫീൽഡ് പരിശോധന നടത്തി, വിവരം ശേഖരിക്കുന്നതിനായി അറിയിപ്പ് നൽകിയിരുന്നെങ്കിലും ഒരാൾ മാത്രമാണ് സന്നദ്ധനായതെന്നും, പതിമൂന്നാം വാർഡിൽ നാനൂറ് വീടുകളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിക്കേണ്ടതുണ്ടെന്നും, ഇതിനായി എല്ലാ നികുതി- നികുതിയേതര വരവുകളും പൂർണ്ണമായി നിർണ്ണയിക്കുകയും അവ മുഴുവനായി പിരിച്ചെടുക്കുകയും ചെയ്യണമെന്നും പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്.)നം.84/2022 തസ്വഭവ തീയതി 19.04.2022] ഖ.നം.5.1.(2)-ൽ നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിനു നിയമാനുസൃതം ലഭിക്കേണ്ട തനതു വരുമാനം പൂർണ്ണമായും സമാഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-13 തനത് വരുമാന സമാഹരണം കുറഞ്ഞു- ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം 2021-22 സാമ്പത്തിക വർഷം സമയബന്ധിതമായി സമാഹരിക്കാതിരുന്നതിനാൽ 2023-24 വർഷം ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് തുകയിൽ ആനുപാതികമായ കുറവ്

വരുത്തിയിരിക്കുന്നു. 2021-22-ലെ ഡിമാന്റ് തുകകളുടെ 90% പിരിച്ചെടുക്കാതിരുന്നതു മൂലം തൻവർഷം സർക്കാർ 4,37,240 രൂപ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും കുറവു ചെയ്തു. നികുതി/നികുതിയേതര വരുമാന സമാഹരണം ഊർജിതമാക്കി വികസന ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-14 നിർമ്മാണം പൂർത്തിയാക്കിയ മുഴുവൻ കെട്ടിട ഭാഗത്തിനും വസ്തു നികുതി നിർണ്ണയിച്ചില്ല

ശ്രീമതി ശാന്തമ്മ രാജു, പാണംതലയ്ക്കൽ, തണ്ണിത്തോട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ തണ്ണിത്തോട് വില്ലേജിൽ റീസർവ്വേ നം.228/1, 228/1-1, 2281-2-ൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുന്നതിനായി ഉടമ സമർപ്പിച്ച പ്ലാൻ (Partially Completed) പ്രകാരം സെല്ലാർ 197.69 ച.മീറ്ററും, ഭൂനിരപ്പ് നില 510.27 ച.മീറ്ററും, ഒന്നാം നില 54.62 ച.മീറ്ററും, സ്റ്റെയർ റൂം, 42.10 ച.മീറ്ററും പണി പൂർത്തീകരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 09.02.2024-ലെ പരിശോധനാ റിപ്പോർട്ട് പ്രകാരം മേൽപ്പറഞ്ഞ അളവുകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പ്ലാൻ പ്രകാരം സെല്ലാർ നില പൂർണ്ണമായും പാർക്കിംഗിന് നീക്കിവച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് സഞ്ചയയിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ, പ്ലാനിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിലും പറഞ്ഞിട്ടുള്ള മുഴുവൻ കെട്ടിട ഭാഗത്തിനും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട ഭാഗം	പൂർത്തീകരിച്ചത് (ച.മീ.)	നികുതി നിർണ്ണയിച്ചത് (ച.മീ.)	ഒഴിവാക്കിയത് (ച.മീ.)
ഭൂനിരപ്പ് നില	510.27	454.2	56.07
ഒന്നാം നില	54.62	0	54.62
സ്റ്റെയർ റൂം	42.10	0	42.1
ആകെ	606.99	454.2	152.79

152.79 ച.മീറ്ററിന് നികുതി നിർണ്ണയിക്കാതിരുന്നതിന്റെ കാരണം അറിയുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (15/22-10-2024) നൽകി. ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഭൂനിരപ്പ് നിലയുടെ 56.07 ച.മീറ്റർ ഭാഗം പാസ്സേജ് എന്ന നിലയിൽ ഒഴിവാക്കിയെന്നും, ഒന്നാം നിലയുടെ നിർമ്മാണം പൂർത്തിയാകാത്തതിനാലാണ് നികുതി നിർണ്ണയം നടത്താതിരുന്നതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. മറുപടി അംഗീകരിക്കാവുന്നതല്ല. വാണിജ്യാവശ്യ കെട്ടിടത്തിന്റെ ഭാഗമായ പാസ്സേജിന്റെ നികുതി ഒഴിവാക്കിയത് ചട്ടവിരുദ്ധമാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം പാസ്സേജിന് നികുതി നിർണ്ണയത്തിൽ ഇളവില്ല. നിർമ്മാണം പൂർത്തീകരിച്ച മുഴുവൻ ഭാഗത്തിനും നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

1-15 വസ്തു നികുതി നിർണ്ണയം - അനർഹമായി ഇളവ് നൽകി

ശ്രീ.നസദാനന്ദൻ പ്രകാശ്, ശ്രീമതി ആനന്ദവല്ലി, താഴെപുരയിടത്തിൽ എന്നീ വ്യക്തികൾ തണ്ണിത്തോട് വില്ലേജിൽ റീസർവ്വേ നം.414/1094, 405/1063-1-ൽ നിർമ്മിച്ചിട്ടുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (നം.III/358A,B) വസ്തുനികുതി നിർണ്ണയത്തിൽ അപാകതയുള്ളതായി ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം, 8 മീറ്റർ വീതിയുള്ള, തേക്കുതോട്- തുമ്പാക്കുളം റോഡിനു സമീപമാണ്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ 1.5 മീറ്റർ റോഡ് എന്ന് തെറ്റായി രേഖപ്പെടുത്തുകയും, റോഡിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

2. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പഞ്ചായത്ത് പുറപ്പെടുവിച്ച അന്തിമ വിജ്ഞാപന പ്രകാരമുള്ള പ്രഥമ മേഖലയിലാണ് പ്രസ്തുത കെട്ടിടം ഉൾപ്പെടുന്നത്. എന്നാൽ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തുകയും കെട്ടിടത്തിന് അടിസ്ഥാന നികുതിയിൽനിന്നും 10% ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്.

നികുതി നിർണ്ണയത്തിലെ അപാകതകൾ ഓഡിറ്റ് എൻക്വയറി (16/22.10.2024) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-16 വസ്തു നികുതി നിർണ്ണയം - മേഖലാ ഇളവ് നൽകിയതിൽ അപാകത

ശ്രീ. ബെന്നി ജി., പടിപ്പുരയ്ക്കൽ, തണ്ണിത്തോട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ തണ്ണിത്തോട് വില്ലേജിൽ റീസർവ്വേ നം.232/3-3-ൽ നിലവിലുണ്ടായിരുന്ന XIII/318-ാം നമ്പർ കെട്ടിടത്തോടുചേർന്ന് നിർമ്മിച്ചിട്ടുള്ള വാണിജ്യാവശ്യത്തിനുള്ള

കെട്ടിടത്തിന് XIII/318A എന്ന് കെട്ടിട നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, വസ്തുനികുതി നിർണ്ണയത്തിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ, ടി കെട്ടിടം സെൻട്രൽ ജംഗ്ഷൻ- അഞ്ചുകുഴി റോഡിനു സമീപമാണെന്നും, പ്രസ്തുത റോഡിന് 8 മീറ്റർ വീതിയുള്ളതായും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി നിരക്കുകളുടെ പരിഷ്കരണം സംബന്ധിച്ച് പഞ്ചായത്ത് പുറപ്പെടുവിച്ച അന്തിമ വിജ്ഞാപന പ്രകാരം ഇത് പ്രഥമ മേഖലയിൽ ഉൾപ്പെടുന്നു. എന്നാൽ നികുതി നിർണ്ണയത്തിൽ പ്രസ്തുത കെട്ടിടം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തുകയും അടിസ്ഥാന നികുതിയിൽനിന്നും 10% ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിനും ഇപ്രകാരം നികുതി ഇളവ് നൽകിയിട്ടുണ്ട്. കൂടാതെ, സെൻട്രൽ ജംഗ്ഷൻ- അഞ്ചുകുഴി റോഡ് എന്നതിനു പകരം സെൻട്രൽ ജംഗ്ഷൻ- കുത്താടിമൺ റോഡ് എന്ന് സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ ഓഡിറ്റ് എൻക്വയറി (14/22.10.2024) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. നികുതി പുനർനിർണ്ണയം നടത്തുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 തൊഴിൽനികുതി പിരിവ് അപൂർണ്ണം

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി പിരിവ് സംബന്ധിച്ച അർദ്ധ വാർഷിക പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ, ദക്ഷിണ ഫ്യുവൽസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒൻപത് പൊതുവിതരണകേന്ദ്രങ്ങളിൽ, എലിമുള്ളംപ്ലാക്കൽ (ARD-1) ഒഴികെയുള്ളവ ലൈസൻസ് എടുത്തിട്ടില്ലാത്തതിനാൽ അവയുടെ ഉടമകളും ജീവനക്കാരും തൊഴിൽനികുതി അടച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	കരാറുകാരന്റെ പേര്
1.	ശ്രീ.ബിജു ജോസഫ്
2.	ശ്രീ.പ്രമോദ് റ്റി.പി.
3.	ശ്രീ.ബൈജു പി.കെ.
4.	ശ്രീ.രാജേന്ദ്രൻ കെ.എൻ.
5.	ശ്രീ.ജിൻസൺ മത്തായി
6.	ശ്രീ.സജികുമാർ പി.എസ്.
7.	ശ്രീ.ബെന്നി പി.ജെ.
8.	ശ്രീ.രാജേഷ് പി.
9.	ശ്രീ.സുഗുണൻ പി.ജെ.
10.	ശ്രീ.സൈമൺ എം
11.	ശ്രീ.ഷൈജു.റ്റി.ജോൺ
12.	ശ്രീ.എം.എ.സാബു

തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 വാടക പൂർണ്ണമായി പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക പിരിക്കുന്നതിന് ബൈലോ നിലവിലില്ല. ബൈലോ തയ്യാറാക്കാതെയും വാടകക്കാരുമായി നിയമാനുസൃത കരാറിലേർപ്പെടാതെയും കടമുറികൾ വാടകയ്ക്ക് നൽകിയതിനാൽ വാടക പൂർണ്ണമായും പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിനു സാധിച്ചില്ല. ചുവടെ പറയുന്ന സ്ഥാപനങ്ങൾ വാടക ഒടുക്കാനുള്ളതായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു.

സ്ഥാപനം	പ്രതിമാസ വാടക	ആകെ വാടക	അടച്ചത്	ബാലൻസ്	റിമാർക്സ്
തേക്കുതോട് സ്വാശ്രയ കർഷക സമിതി	@525	6300	0	12300	2022-23 -ലെ ₹6000 കുടിശ്ശിക ഉൾപ്പെടെ)

സപ്തസാര സാംസ്കാരിക സമിതി	@1000x11 @500x1	11500	7000	4500	
ഡിജിറ്റൽ സർവ്വേ ക്യാമ്പ് ഓഫീസ്	@1000x9	9000	4000	5000	

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ വാടകക്കുടിശ്ശിക ഈടാക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിവരം ലഭിക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നൽകി (23/23-10-2024). എഗ്രിമെന്റ് ഇല്ലാത്തതിനാൽ, കുടിശ്ശിക വരുത്തിയവർക്കെതിരെ റവന്യൂ റിക്കവറി സാധ്യമായിട്ടില്ലെന്നും, ബൈലോ തയ്യാറാക്കി, പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും, ബൈലോയ്ക്ക് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

വാടകക്കാരുമായി എഗ്രിമെന്റിൽ ഏർപ്പെടാതിരുന്നത് തെറ്റായ നടപടിയാണ്. പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-19 അക്കൗണ്ട് ആരംഭിച്ചിട്ടും ഇ-ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നത് ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ

ഈ-ടെണ്ടർ നടപടികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 03-10-2018-ൽ എസ്.ബി.ഐ. ചിറ്റാർ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചുവെങ്കിലും (നം.37987558753) നിലവിലും ടെണ്ടർ ഫോറവില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് അകുന്നത്. ഇതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/23-10-2024) ലഭ്യമാക്കിയ മറുപടിയിൽ, 19-11-2021 മുതൽ 29-03-3023 വരെയുള്ള ഇ-ടെണ്ടർ പ്രവൃത്തിയുടെ ദർഘാസ് വിലയായ 2,06,128 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളതായി അറിയിച്ചു. കൂടാതെ 30-03-2023 മുതൽ നാളിതുവരെ നടത്തിയിട്ടുള്ള ഇ-ടെണ്ടർ പ്രവൃത്തികളുടെ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് ഇ-ടെണ്ടർ നടപടികൾക്കുള്ള ബാങ്ക് അക്കൗണ്ടായി മാപ്പ് ചെയ്യേണ്ടതും ടെണ്ടർ ഫീ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

1-20 മിനിട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 2023-24 സാമ്പത്തിക വർഷത്തെ യോഗ നടപടികളുടെ മിനിട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(8), 26(9) പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	യോഗം ചേർന്ന തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷൻ അംഗീകരിച്ച തീയതി
1.	17.08.2023	10.10.2023	10.10.2023
2.	23.08.2023	10.10.2023	10.10.2023
3.	30.09.2023	16.11.2023	16.11.2023
4.	11.10.2023	28.11.2023	28.11.2023
5.	06.11.2023	20.01.2024	20.01.2024
6.	17.01.2024	05.04.2024	05.04.2024
7.	23.01.2024	05.04.2024	05.04.2024
8.	05.02.2024	23.04.2024	23.04.2024

ചട്ടപ്രകാരം, പഞ്ചായത്ത് കമ്മറ്റി യോഗം അവസാനിച്ച് മൂന്ന് ദിവസത്തിനുള്ളിൽ യോഗ നടപടിക്കുറിപ്പുകളുടെ നക്കൽ തയ്യാറാക്കി സെക്രട്ടറി, അദ്ധ്യക്ഷന്റെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷനു ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തൽ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതുമാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (25/24-10-2024) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. സോഫ്റ്റ്‌വെയർ തകരാറും ഇന്റർനെറ്റ് സൗകര്യത്തിലെ പോരായ്മകളുമാണ് കാരണമെന്ന് മറുപടി ലഭ്യമാക്കി.

പ്രാദേശിക ഭരണ സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും, പഞ്ചായത്തിന്റെ തീരുമാനങ്ങൾ, നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനുമാണ് സകർമ്മ സോഫ്റ്റ്‌വെയർ മുഖേന മിനിട്സ് തയ്യാറാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ചട്ടപ്രകാരം മിനിട്സ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 ലൈബ്രറി സെസ്സ് അടച്ചില്ല

ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടച്ചിട്ടില്ല. 2023-24-ലെ വാർഷിക ധനകാര്യ പത്രികയുടെ ഷെഡ്യൂൾ ബി-9 പ്രകാരം, മുൻവർഷത്തെ 1,10,432 രൂപ ഉൾപ്പെടെ 2,13,739 രൂപയാണ് നിലവിൽ അടയ്ക്കാനവശേഷിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയോടൊപ്പം പിരിക്കുന്ന ലൈബ്രറി സെസ്സ് തുകയുടെ ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവുമാണ് അടയ്ക്കേണ്ടത്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ 10088/എൽ3 /05/ത.സ്വ.ഭ.വ തീയതി 20.09.2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (21/23-10-2024) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. പിരിച്ചെടുത്ത തുക സ്റ്റേറ്റ് ലൈബ്രറി കൗൺസലിന്റെ അക്കൗണ്ടിലേക്ക് അടയ്ക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ലൈബ്രറി സെസ്സ് ഒടുക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ കൈമാറി- 6400 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങിയിരുന്ന ഗുണഭോക്താവിന്റെ മരണത്തിന് ശേഷം പെൻഷൻ സസ്പെൻഡ് ചെയ്യാതിരുന്നതുമൂലം സംസ്ഥാന സർക്കാരിന് 6,400 രൂപയുടെ നഷ്ടമുണ്ടായി.

പേര്, വിലാസം	പെൻഷൻ ID	മരണപ്പെട്ട തീയതി	മരണ രജിസ്ട്രേഷൻ നമ്പർ, തീ.	അനർഹമായ കാലയളവ്	മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക
ജാനകി, മഗലത്ത്	104110201813	10-01-2024	10/24 30-01-2024	02/24- 05/24	6,400

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020/ധന.). സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71 /2017/ധന നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത പെൻഷൻ തുക തിരികെ ഈടാക്കാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/28-10-2024), പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ടെന്നും, അധികമായി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമല്ല. 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ **42.54 ലക്ഷം** രൂപയിൽ **11.48 ലക്ഷം** രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ്

പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും, കെട്ടിട നിർമ്മാണത്തിനുമാണ് ഹെൽത്ത് ഗ്രാന്റ് ലഭിച്ചത്. ലഭിച്ച ഫണ്ട് യഥാസമയം ഉപയോഗപ്പെടുത്താതിരിക്കുന്നതിനാൽ പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കേണ്ട ചികിത്സാ സൗകര്യം ലഭിക്കുന്നില്ല.

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ലഭിച്ച ഗ്രാന്റ് (2023-24)			ചെലവഴിച്ചത്	നീക്കിയിരിപ്പ്
	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ		
Support For Diagnostic Infrastructure In PHC & Sub Centres	275258	675865	951123	677847	273276
Grant For Rural Health & Wellness Centres	188193	300734	488927	470650	18277
Construction Of Building For PHC	0	2814519	2814519	0	2814519
ആകെ	463451	3791118	4254569	1148497	3106072

തണ്ണിത്തോട് കുടുംബാരോഗ്യകേന്ദ്രത്തിലെ ലാബ് പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലെന്നും, ലാബ് അസിസ്റ്റന്റിനെ നിയമിച്ചിട്ടില്ലെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരമുള്ള 64 ടെസ്റ്റുകളിൽ 43 എണ്ണം ചെയ്യാൻ വേണ്ട സൗകര്യങ്ങ് ഉള്ളതായും മറുപടി നൽകി.

കുടുംബാരോഗ്യകേന്ദ്രത്തിന് നിലവിൽ ഏഴ് ഉപകേന്ദ്രങ്ങളാണുള്ളത്. ഇവയിൽ അഞ്ചെണ്ണത്തിന് സ്വന്തം കെട്ടിടമുണ്ട്. എലിമുള്ളുംപ്ലാക്കൽ ഉപകേന്ദ്രം നിലവിൽ ഐ.സി.ഡി.എസ്. കെട്ടിടത്തിന്റെ ഒരു മുറിയിലും, മേടപ്പാറ ഉപകേന്ദ്രം വാടകക്കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഹെൽത്ത് ഗ്രാന്റ് മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും നടത്തുന്നതിന് ഉപകേന്ദ്രങ്ങളിൽ സംവിധാനമില്ല.

ലഭിച്ച ഹെൽത്ത് ഗ്രാന്റ് തുക ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടും

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റ് എന്നിവ പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ (80% മുകളിൽ) ഷോർട്ട് ഫോൾ ഇനത്തിൽ ഗണ്യമായ തുക നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ്	ചെലവ്	ചെലവ് ശതമാനം	2024-25ൽ അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക (₹)	ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക
വികസന ഫണ്ട് –ജനറൽ	4,32,21,495	2,81,43,813	65.12	86,44,300	64,31,300
വികസന ഫണ്ട് – എസ്.സി.പി	36,50,000	26,26,958	71.97	7,30,000	2,93,000
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	53,82,000	38,06,511	70.73	4,98,900	10,76,400

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ സ.ഉ.(കൈ)നം.79/2021/ധന നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. വിനിയോഗ ശതമാനം 80 ശതമാനത്തിൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിയ്ക്കുന്ന ഇപ്രകാരമുള്ള ഷോർട്ട്ഫോൾ തുക തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. നിലവിലെ

സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടുകയും, പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്യും.

ബജറ്റ് വിഹിതം സർക്കാർ പൂർണ്ണമായും അനുവദിക്കാത്തതിനാലും അനുവദിക്കപ്പെട്ട വിഹിതത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മാറി ലഭിക്കാത്തതിനാലും ഗ്രാമപഞ്ചായത്തിന് ഭീമമായ ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരാനുള്ള അടിയന്തിര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്. പദ്ധതിച്ചെലവിലുണ്ടാകുന്ന കുറവ് തുടർ വർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

1-25 ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിന് പ്രോജക്ട് നം. 14/24 പ്രകാരം 4,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഹോംകോയുടെ 08.11.2023-ലെ 784-ാം നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരമാണ് തുക മുൻകൂറായി നൽകിയത്. മുൻകൂർ നൽകിയ തുകയ്ക്ക് ആനുപാതികമായി, 11.05.2024-ലെ 112-ാം നമ്പർ ടാക്സ് ഇൻവോയിസ് പ്രകാരം 1,98,496 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 2,01,504 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല. മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-26 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയും ഭവന നിർമ്മാണത്തിന് വിവിധ ഗഡുക്കളായി തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്നവർ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേരും വിലാസവും	നൽകിയ തുക	അവസാന ഗഡു കൈപ്പറ്റിയത്
1	ശാന്തമ്മ, വാഴമുട്ടം വീട്, എലിമുള്ളുംപ്ലാക്കൽ	3,60,000	27.12.2021
2	അനുരാഗ്, തേക്കുംമൂട്ടിൽ, തണ്ണിത്തോട്	3,00,000	25.02.2022
3	സന്തോഷ്, പ്ലാവിനാംകുഴിയിൽ, എലിമുള്ളുംപ്ലാക്കൽ	3,40,000	16.09.2022
4	സുഗത, ഈറമല താഴേതിൽ, തേക്കുതോട്	3,00,000	23.03.2022
5	സന്ധ്യാ രഘു, പത്യേത്ത് മേമുറിയിൽ, ളുമ്പാക്കുളം	3,00,000	23.03.2022
6	ശ്രുതി സോമരാജൻ, വെട്ടൂർക്കാട്ടിൽ, തണ്ണിത്തോട്	3,40,000	18.12.2022
7	ബിന്ദു ആർ, മുരുപ്പേൽ, തണ്ണിത്തോട്	2,00,000	03.07.2023
8	രാഹുൽ, മണ്ണിൽ, തണ്ണിത്തോട്	3,60,000	16.05.2023
9	ജയരാജൻ, പുതുപറമ്പിൽ, തേക്കുതോട്	3,00,000	20.10.2023
10	സീതാലക്ഷ്മി, സന്തോഷ് ഭവനം, തണ്ണിത്തോട്	3,00,000	12.09.2023
11	സീന, നെടുമ്പുറത്ത്, തണ്ണിത്തോട്	40,000	23.05.2023
12	നിഷാദ്, നിഷ ഭവനം, തേക്കുതോട്	3,00,000	20.10.2023
13	ശാന്തകുമാരി, നാരകത്തുംമൂട്ടിൽ, മണ്ണീറ	1,40,000	20.10.2023
14	ശശി, ശശി വിലാസം, തേക്കുതോട്	3,00,000	08.11.2023
15	നളിനി, മണ്ണിൽ കിഴക്കേതിൽ, മണ്ണീറ	2,00,000	19.12.2023
16	ഷീജ, കുന്നുംപുറത്ത്, തേക്കുതോട്	3,00,000	20.10.2023

ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനും ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പുരോഗതി വിവരം അറിയിക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 12/22.10.2024) നൽകിയിരുന്നു. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ, മേൽ

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികളുടെ പുരോഗതി വിലയിരുത്തേണ്ടതും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-27 ഭവന പുനരുദ്ധാരണം-അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം നിർമ്മാണം ആരംഭിച്ചിട്ടില്ല

ഭവന പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 2022-23 സാമ്പത്തിക വർഷം പ്രോജക്റ്റ് നം. 165/23 പ്രകാരം 50,000 രൂപ അഡ്വാൻസ് തുക കൈപ്പറ്റിയ മല്ലിക ശങ്കരൻ, മണ്ണിൽ, തണ്ണിത്തോട് എന്ന ഗുണഭോക്താവ് നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ സബ്സിഡി തുകയും കൈപ്പറ്റിയിട്ടില്ല. പദ്ധതി 2023-24 സാമ്പത്തിക വർഷം 180/24 നമ്പരിൽ സ്പിൽ ഓവറായി നിലനിർത്തിയിരുന്നുവെങ്കിലും, ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചതായി രേഖകളില്ല. ഗുണഭോക്താവ് അഡ്വാൻസ് തുക ഉപയോഗിച്ച് ഭവന പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-28 ദുരിതാശ്വാസ നിധി നിഷ്ക്രിയം

പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3 ൽ നിഷ്കർഷിക്കുന്നുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതും ചട്ടം3(4) പ്രകാരം ദുരിതാശ്വാസ നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി കേരള ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതുമാണ്. ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചെങ്കിലും ആയതിലേക്ക് ധനം സമാഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ക്രിയാത്മകമായ യാതൊരുവിധ ഇടപെടലുകളും ഉണ്ടായിട്ടില്ലായെന്ന് കാണുന്നു. ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിലേക്ക് തൻവർഷം ആകെ വരവ് വന്നത് പലിശയിനത്തിലുള്ള 1127 രൂപയാണ്. സാമ്പത്തിക വർഷാവസാനം അക്കൗണ്ടിൽ അവശേഷിക്കുന്നത് 15,643 രൂപയാണ്. ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇത് കാരണം അടിയന്തിര ധനസഹായം ആവശ്യമായ വ്യക്തികൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച്, ഗ്രാമപഞ്ചായത്തിലെ നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-29 ശിശുസൗഹൃദ സ്മാർട്ട് അങ്കണവാടി -മരാമത്ത് പ്രവൃത്തികളിൽ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

85-ാം നമ്പർ ഏഴാംതല, 76-ാം നമ്പർ വി.കെ. പാറ എന്നീ അങ്കണവാടികൾ സ്മാർട്ടാക്കുന്നതിന് 2022-23 വർഷം ശിശുസൗഹൃദ സ്മാർട്ട് അങ്കണവാടി എന്ന പ്രോജക്റ്റ് (138/23) ആവിഷ്കരിച്ചിരുന്നു. ശിശു സൗഹൃത പെയിന്റിംഗിനും കളി ഉപകരണങ്ങൾ വാങ്ങുന്നതിനുമായിരുന്നു പ്രോജക്റ്റ്. പ്രോജക്റ്റിന്റെ അടങ്കൽ 4.5 ലക്ഷം രൂപയായിരുന്നു. 2022-23 വർഷം രണ്ട് ലക്ഷം രൂപ സിഡ്കോയ്ക്ക് നൽകിയിരുന്നു. 2023-24 ൽ 273/24 – സ്മാർട്ട് അങ്കണവാടി തുക നൽകൽ എന്ന് പ്രോജക്റ്റ് പ്രകാരം ബാക്കി 2.5 ലക്ഷം രൂപയും സിഡ്ക്കോയ്ക്ക് നൽകി.

പ്രോജക്റ്റ് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മതിപ്പുവില ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്കും പ്രവൃത്തികൾക്കും ഓപ്പൺടെണ്ടർ രീതിയാണ് അവലംബിക്കേണ്ടിയിരുന്നത്. എന്നാൽ ലിമിറ്റഡ് ടെണ്ടർ നടപടിയാണ് ഇവിടെ അവലംബിച്ചത്.

2. 2183.55 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ശിശുസൗഹൃദമായി പെയിന്റിംഗ് ചെയ്യുന്നതിനും പടങ്ങൾ വരയ്ക്കുന്നതിനുമായി 1,72,094 രൂപ ചെലവഴിച്ചിട്ടുണ്ട്. പഠനോപകരണങ്ങളും കളി ഉപകരണങ്ങളും വാങ്ങിയത് സിഡ്കോയിൽ നിന്നാണ്. പെയിന്റിംഗ് ജോലികൾ നിർവ്വഹിച്ചിട്ടുള്ളതും സിഡ്കോയാണ് (അവർ സമർപ്പിച്ച ടെണ്ടർ പ്രകാരം നിരക്ക് (₹78.81/Sq.feet). എസ്റ്റിമേറ്റ് തയ്യാറാക്കാതെയും സാങ്കേതികാനുമതി വാങ്ങാതെയുമാണ് പ്രസ്തുത സ്ഥാപനത്തെകൊണ്ട് പ്രവൃത്തി ചെയ്യിച്ചിട്ടുള്ളത്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരുടെയോ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കണം നടത്തേണ്ടത്. ചട്ടം 6 പ്രകാരം

വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉണ്ടായിരിക്കണമെന്നും 7-ാം ചട്ടപ്രകാരം സാങ്കേതികാനുമതി ലഭിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. അപ്രകാരമല്ലാതെ യാതൊരു മരാമത്ത് പണികളും ആരംഭിക്കാൻ പാടുള്ളതല്ലായെന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് പ്രവൃത്തി നടത്തിയത്.

3. 2022-23-ലെ 138/23 നമ്പർ പ്രോജക്ട് പ്രകാരം സിഡ്ക്കോയ്ക്ക് മുഴുവൻ തുകയും നൽകിയിരുന്നില്ല. ടി പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നതിന് പകരം 273/24 എന്ന പുതിയൊരു പ്രോജക്ട് ആവിഷ്കരിച്ചാണ് ബാക്കി തുക നൽകിയിട്ടുള്ളത്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.10/22.10.2024). മരാമത്ത് വിഭാഗം എഞ്ചിനീയർ വാല്യുവേഷൻ എടുത്തിട്ടുണ്ടായിരുന്നു എന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

മരാമത്ത് പ്രവത്തികളുടെ നിർവ്വഹണത്തിൽ ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-30 എസ്റ്റിമേറ്റ് പ്രകാരമുള്ള ഫീസ് അടച്ചിട്ടും പൊതു ടാപ്പുകൾ വിച്ഛേദിച്ചിട്ടില്ല

പൊതു കുടിവെള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിന് ഫീസ് അടച്ചിട്ടും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും അനുഭാവപൂർണ്ണമായ നടപടിയുണ്ടാകുന്നില്ല. ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന 04.03.2023, 17.03.2023 തീയതികളിൽ നടത്തിയിട്ടുള്ളതാണ്. മുൻവർഷങ്ങളിലെ ഡിമാന്റിൽ പരാമർശിക്കുന്ന 197 ടാപ്പുകളിൽ 171 എണ്ണം മാത്രമേ കണ്ടെത്താൻ സാധിച്ചിട്ടുള്ളൂ. ഇതിൽ 30 ടാപ്പുകൾ മാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 30.03.2023-ലെ 4(1)-ാം തീരുമാന പ്രകാരം പഞ്ചായത്തിലെ 141 കുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിന് 2,13,800 രൂപ വാട്ടർ അതോറിറ്റിയിൽ 03.04.2024-ൽ അടച്ചു. 2024 ഏപ്രിലിൽ തുക അടച്ചിട്ടും നാളിതുവരെ ടാപ്പുകൾ വിച്ഛേദിച്ചിട്ടില്ല. ഈ വിഷയത്തിലും വെള്ളക്കരം ക്രമീകരിക്കുന്നതിലും ഗ്രാമപഞ്ചായത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2023 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 197 ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം 2,39,010 രൂപയായിരുന്നു. ഗ്രാമപഞ്ചായത്ത് 10.03.2023-ൽ 1,54,780 രൂപ വെള്ളക്കരം ഒടുക്കിയിട്ടുണ്ട്. ഇതിന് ശേഷം തുക ഒടുക്കിയിട്ടില്ല. 2023 ജൂൺ മാസം മുതൽ 171 ടാപ്പുകളുടെ അടിസ്ഥാനത്തിൽ 2,07,466 രൂപയാണ് പ്രതിമാസം വെള്ളക്കരം ഡിമാന്റ് ചെയ്തുവരുന്നത്. ഇത് ഒടുക്കാതിരുന്നതിനാൽ 2024 സെപ്റ്റംബർ മാസത്തിൽ ഫൈൻ ഉൾപ്പെടെ ആകെ ഡിമാന്റ് 43,77,073 രൂപയാണ്. കുടിശ്ശികയിന്മേൽ വാട്ടർ അതോറിറ്റി പ്രതിമാസം 2% പലിശയാണ് ചുമത്തുന്നത്. കുടിശ്ശിക ഒടുക്കുവരുത്താതിരിക്കുന്നത് പഞ്ചായത്തിന് സമീപ ഭാവിയിൽതന്നെ വൻ ബാധ്യതയായി മാറും. 06-06-2022-ലെ സ.ഉ.(കൈ)നം.119/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം KWA, KSEB എന്നിവയ്ക്ക് നൽകാനുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്/ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയിൽ നിന്നും നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഭരണസമിതിയെ അറിയിച്ചുകൊണ്ട് ഈ തുക യഥാസമയം അടയ്ക്കേണ്ട ഉത്തരവാദിത്തം തദ്ദേശസ്ഥാപന സെക്രട്ടറിയ്ക്കാണ്. തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുന്നതാണ്. ടി വിഷയത്തിൽ അടിയന്തിര ഇടപെടൽ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-31 പകൽ വീട് യാഥാർത്ഥ്യമാകുവാൻ വൈകുന്നു

വയോജനങ്ങൾക്ക് ഒറ്റപ്പെടലിന്റെ വിരസതയകറ്റുന്നതിനും മാനസികോല്ലാസം ലഭിക്കുന്നതിനും അവസരം ഒരുക്കുകയാണ് പകൽ വീട് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 2017-18-ൽ നിർമ്മാണം ആരംഭിച്ച പകൽവീട് 01-07-2020-ൽ ഉദ്ഘാടനം ചെയ്തുവെങ്കിലും നാളിതുവരെ വയോജനങ്ങൾക്ക് പ്രയോജനപ്രദമായിട്ടില്ല എന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. പകൽവീടിനായി കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് (₹)
2018-19	പകൽവീട് നിർമ്മാണം(266/19)	6,00,000	484218
2018-19	പകൽവീട് വൈദ്യുതീകരണം (09/19)	60,000	50,899
2019-20	പകൽവീടിന് സൗകര്യം ഒരുക്കൽ (195/20)	1,98,287	1,98,287
	ആകെ		**7.33 ലക്ഷം**

2018-19 വർഷം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 2020-21 വർഷം നടത്തിയെങ്കിലും പദ്ധതി ഇനിയും യാഥാർത്ഥ്യമാകുവാൻ വൈകുന്നു. ആയുർവേദാശുപത്രിയിൽ വരുന്ന വൃദ്ധജനങ്ങൾക്കും മറ്റ് വയോജനങ്ങൾക്കും വിശ്രമത്തിനും വിനോദത്തിനും ഉതകുമെന്ന സദുദ്ദേശത്തിലാണ് പദ്ധതി ആവിഷ്കരിച്ചത്. വയോജനങ്ങളുടെ തണലിടങ്ങളാകേണ്ട പകൽവീട് പ്രയോജനപ്പെടാതെ കിടക്കുന്നത് ഓഡിറ്റ് എൻക്വയറി മുഖേന (നം.30/25-10-2024) അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, 2023-24 സാമ്പത്തിക വർഷം പ്ലംബിങ്, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 4,50,000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ആയതിന്റെ തുക മാറി നൽകിയിട്ടില്ല. വൃദ്ധജനങ്ങൾക്ക് ഒറ്റപ്പെടലിൽനിന്ന് മോചനം നൽകുന്ന പകൽവീട് യാഥാർത്ഥ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതും മറ്റൊരു കെട്ടിടം കൂടി നിഷ്ക്രിയ ആസ്തിയായി പരിണമിക്കുവാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

1-32 തണ്ണിത്തോട് മാർക്കറ്റിലെ കാർഷിക വിപണന കേന്ദ്രം-നിർമ്മാണം അനന്തമായി നീളുന്നു

ഗ്രാമപഞ്ചായത്ത് 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപ വകയിരുത്തി തണ്ണിത്തോട് മാർക്കറ്റിലും, തേക്കുതോട് മാർക്കറ്റിലും ആധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് കാർഷിക വിപണന കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായമായി ലഭിച്ച ഫണ്ടാണ് ഇതിനായി വിനിയോഗിച്ചത്. പുതിയ പഞ്ചായത്ത് ഓഫീസ് കോംപ്ലക്സിന് സമീപം പഴയ തണ്ണിത്തോട് മാർക്കറ്റ് സ്ഥിതി ചെയ്ത സ്ഥലത്ത് രണ്ട് നിലകളിലായി 8 മുറികളോടുകൂടിയ കെട്ടിടവും, തേക്കുതോട് മാർക്കറ്റിൽ 4 മുറികളുള്ള വിപണന കേന്ദ്രവും പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. തേക്കുതോട് മാർക്കറ്റിൽ നിർമ്മിച്ചിട്ടുള്ള കാർഷിക വിപണന കേന്ദ്രം പ്രവർത്തന സജ്ജമാണ്.

തണ്ണിത്തോട് മാർക്കറ്റിൽ നിർമ്മിച്ചിട്ടുള്ള കാർഷിക വിപണനകേന്ദ്രത്തിന് അനുബന്ധമായി 2023-24 സാമ്പത്തിക വർഷം 9,47,334 രൂപ ചെലവഴിച്ച് ഷട്ടറിട്ട മൂന്ന് മുറികൾകൂടി നിർമ്മിച്ചിട്ടുണ്ടെങ്കിലും കെട്ടിടം നാളിതുവരെ പ്രവർത്തന സജ്ജമാക്കുന്നതിന് അധികൃതർക്ക് സാധിച്ചിട്ടില്ല. പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകാതെ കെട്ടിടനിർമ്മാണം അനന്തമായി നീളുന്നതിന് കാരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വറി നൽകുകയുണ്ടായി (നം. 31/25-10-2024).

തണ്ണിത്തോട് കാർഷിക വിപണന കേന്ദ്രത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടം

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ജോലികൾ ഇനിയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം കെട്ടിടത്തിന്റെ അനുബന്ധ ജോലികൾക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഈ തുക വിനിയോഗിച്ച് ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ജോലികൾ എന്നിവ പൂർത്തിയാക്കി നടപ്പ് സാമ്പത്തിക വർഷം തന്നെ വിപണന കേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നു നൽകാൻ സാധിക്കുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

പദ്ധതി വിഭാവനം ചെയ്യുന്ന കാലയളവിനുള്ളിൽ തന്നെ പൂർത്തിയാക്കി ഫലപ്രാപ്തിയിൽ എത്തിച്ചെങ്കിൽ മാത്രമേ പദ്ധതികൊണ്ടുള്ള ഗുണം ഗ്രാമപഞ്ചായത്തിനും പൊതുജനങ്ങൾക്കും ലഭ്യമാകുകയുള്ളൂ. ആസ്തികളുടെ നിർമ്മാണം പോലെതന്നെ സംരക്ഷണവും തുല്യ പ്രാധാന്യമുള്ളതാണ്. പൊതു ഖജനാവിൽനിന്നും വൻതുക മുടക്കി നിർമ്മിച്ച കെട്ടിടം പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം ഉപയോഗപ്പെടുത്തി സംരക്ഷിക്കുന്നതിനും, വരുമാന വർദ്ധനവിന് ഉതകുന്ന തരത്തിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-33 എയ്റോബിക് കംപോസ്റ്റ് യൂണിറ്റ്- പ്രവർത്തനക്ഷമമാക്കുവാൻ തുടനടപടികൾ സ്വീകരിക്കണം

തുമ്പൂർമൂഴി മോഡൽ കംപോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും (നം.259/2024), നിർവ്വഹണ ഏജൻസിയായ പാലക്കാട് ഐ.ആർ.റ്റി.സി-ക്ക് അഡ്വാൻസായി രണ്ടു ലക്ഷം രൂപ നൽകുകയും ചെയ്തു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ബിൽ തുക	2,00,000
ബിൽ നം./തീയതി	361/ 07-02-2024
ഫണ്ട്	ധനകാര്യ കമ്മീഷൻ അവാർഡ് ഗ്രാന്റ്
നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ

ഗവ: വെൽഫയർ എൽ.പി.എസ്, കുടുംബാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. അതിൽ എഫ്.എച്ച്.സി-യിലെ വർക്ക് പൂർത്തീകരിച്ച് ഐ.ആർ.റ്റി.സി. 09-10-2024-ൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും മാലിന്യം കമ്പോസ്റ്റ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയുമായുള്ള കരാർ പ്രകാരം (കരാർ തീയതി: 24-01-2024), കരാർ ചമച്ച് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതായിരുന്നു. കൂടാതെ ഗവ: വെൽഫയർ എൽ.പി.എസിലെ കംപോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം അരംഭിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് സ്ഥാപനത്തിന് നൽകിയ കത്തിന്, പ്രവൃത്തി പൂർത്തിയാക്കുവാൻ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായെന്നും 2024 ഡിസംബർ 31- നകം പ്രവൃത്തി പൂർത്തിയാക്കുമെന്നും ഐ.ആർ.റ്റി.സി. അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി വൈകുന്നതിന്റെ കാരണങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.19/23-10-2024). ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-34 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച

2023-24-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഭൂരിഭാഗം പ്രവൃത്തികളും തൻവർഷം നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കി. 4,92,38,915 രൂപ അടങ്കലുള്ള 128 പ്രോജക്ടുകളായിരുന്നു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 83 പ്രവൃത്തികൾ മാത്രമാണ് ഭാഗികമായെങ്കിലും പൂർത്തിയാക്കി തൻവർഷം പേയ്മെന്റ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം

ആകെ പ്രവൃത്തികളുടെ എണ്ണം			നടപ്പാക്കിയ പ്രവൃത്തികൾ			നടപ്പിലാക്കിയ പ്രവൃത്തികളുടെ ശതമാനം
സ്പിൽ ഓവർ	പുതിയത്	ആകെ	സ്പിൽ ഓവർ	പുതിയത്	ആകെ	
61	67	128	45	38	83	65%

ഫണ്ട് വിനിയോഗം

വകയിരുത്തിയ ഫണ്ട്	ചലവ്	ചെലവ് ശതമാനം
4,92,38,915	19787920	40.18%

പശ്ചാത്തല മേഖലയിൽ, പ്രത്യേകിച്ചും റോഡ് പുനരുദ്ധാരണത്തിന് ആവിഷ്കരിച്ച ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷം രൂപയിൽ കുറവായിരുന്നു. 31 എണ്ണത്തിന് അഞ്ചുലക്ഷവും, അതിൽ കൂടുതലും അടങ്കലുണ്ടായിരുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കലുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ സ്പിൽ ഓവറാകുന്നു. കൂടാതെ, പഞ്ചായത്തിൽ മരാമത്ത് പണികൾ സ്ഥിരമായി കരാറെടുക്കുന്ന ചില വ്യക്തികൾ കരാറിലേർപ്പെട്ടതിനുശേഷം വർഷങ്ങളോളം പണിനടത്താതെ പ്രോജക്ടുകൾ നീട്ടികൊണ്ടുപോകുന്ന സ്ഥിതിവിശേഷവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിൽ കരാറിൽ എർപ്പെട്ട പല പ്രവൃത്തികളും വർഷങ്ങളോളം സ്പിൽ ഓവറായി തുടരുന്ന സ്ഥിതിയാണുള്ളത്. മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം വികസന സ്റ്റാന്റിംഗ് കമ്മിറ്റി മോണിട്ടർ ചെയ്യേണ്ടതാണ്.

1-35 മരാമത്ത് പ്രവൃത്തികൾക്ക് മോണിറ്ററിംഗ് ഇല്ല

മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മോണിട്ടറിംഗ് അവിഭാജ്യ ഘടകമാണ്. നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണമേന്മയും, സുതാര്യതയും ഉറപ്പുവരുത്തുന്നതിന് കൺവീനർ പ്രവൃത്തികളുടെ മാതൃകയിൽ ഗുണഭോക്താക്കളുടെ കമ്മിറ്റി രൂപീകരിച്ച് മേൽനോട്ടം അവരെ ഏൽപ്പിച്ച് നൽകണമെന്ന് 13-ാം പഞ്ചാവത്സര പദ്ധതി മാർഗ്ഗരേയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിനു പുറമേ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധമുള്ള മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും നിഷ്കർഷിച്ചിരുന്നു. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മോണിറ്ററിംഗ് നടത്തി, മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

1-36 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ മുൻവർഷങ്ങളിൽ തുക ഒടുക്കിയിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

2020-21

നിർവണ	പ്രവൃത്തിയുടെ പേര്	മുൻകൂർ	വിനിയോഗ	ബാക്കിയുള്ള

ഏജൻസി		നൽകിയ തുക	സാക്ഷ്യപത്രം ലഭിച്ചത്	തുക
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	3-ാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ(44/21)	500000	477900	22100
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	താഴെ പൂച്ചക്കളം റോഡിൽ നടരാജവിലാസം പടിസ്ട്രീറ്റ് ലൈൻ നീട്ടൽ(45/21)	89953	89953	1453
കേരള വാട്ടർ അതോറിറ്റി	ജലജീവൻ മിഷൻ പദ്ധതി(346/21)	783884	470330	313554

2021-22

ക്രമ നം	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്	ബാക്കിയുള്ള തുക
03	പേരുവാലി കുടിവെള്ള പദ്ധതി (എസ്.0304/22)	വാട്ടർ അതോറിറ്റി	59,25,000	ലഭിച്ചിട്ടില്ല	59,25,000
04	പേരുവാലി കുടിവെള്ള പദ്ധതി (എസ്.0305/22)	,,	85,41,608	ലഭിച്ചിട്ടില്ല	85,41,608

2022-23

ക്രമ നം	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്	ബാക്കിയുള്ള തുക
01	പേരുവാലി കുടിവെള്ള പദ്ധതി (S037/23)	കേരള വാട്ടർ അതോറിറ്റി	6818000	ലഭിച്ചിട്ടില്ല	6818000
02	GWUP സ്കൂളിന് കുടിവെള്ള കണക്ഷൻ (S0128/23)	കേരള വാട്ടർ അതോറിറ്റി	162000	151046	10954
03	വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (S0133/23)	കെ.എസ്.ഇ.ബി.	723552	ലഭിച്ചിട്ടില്ല	723552
04	സ്ട്രീറ്റ് ലൈൻ നീട്ടൽ-മൂർത്തിമൺ വാർഡ് (S0160/23)	കെ.എസ്.ഇ.ബി.	248402	ലഭിച്ചിട്ടില്ല	248402

2023-24

ക്രമ നം	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്	ബാക്കിയുള്ള തുക
01	ശ്രീലങ്കമുരുപ്പ് വാട്ടർടാങ്ക് നിർമ്മാണം (S046/24)	കേരള വാട്ടർ അതോറിറ്റി	2898500	ലഭിച്ചിട്ടില്ല	2898500
02	വെറ്റിനറി ഹോസ്പിറ്റൽ, കുടുംബക്ഷേമ ഉപകേന്ദ്രം	ഭൂജല വകുപ്പ്	111000	ലഭിച്ചിട്ടില്ല	111000

	കുഴൽകിണർ നിർമ്മാണം അനുബന്ധ പ്രവൃത്തികൾ (S0 47/24)				

പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

1-37 കുടുംബാരോഗ്യകേന്ദ്രം-മരുന്ന് ലഭിക്കാനവശേഷിക്കുന്നു

തണ്ണിത്തോട് കുടുംബാരോഗ്യകേന്ദ്രത്തിലേക്കാവശ്യമായ മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 17/24- കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ

ട്രഷറി ബിൽ നം	കെ.എം.എസ്.സി.എൽ ഇൻവോയ്സ് നം	ഒടുക്കിയ തുക	ലഭിച്ച മരുന്നുകളുടെ വില	ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില
2305105201410071 2924/27.10.23	PRF1731/16.10.23	132891	90252	42639
230510520141007 97862/15.11.23	PRF2049/10.11.23	105416	99357	6059
230510520141009 03154/07.12.23	PRF1218/12.09.23	386326	259538	126788

പ്രോജക്ട് നം. 16/24- പാലിയേറ്റീവ് കെയർ

ട്രഷറി ബിൽ നം	കെ.എം.എസ്.സി.എൽ ഇൻവോയ്സ് നം	ഒടുക്കിയ തുക	ലഭിച്ച മരുന്നുകളുടെ വില	ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില
23051052014100764019/20.10.23	PRF1731/16.10.23	132891	90252	42639

മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-38 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ ഹരിതകർമ്മസേനക്ക് മികച്ച പ്രാധാന്യമുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ ശക്തമായി പ്രവർത്തിക്കുന്ന സംവിധാനമാണ് ഹരിത കർമ്മസേന.

ഹരിതകർമ്മസേന

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

2022 ഡിസംബർ 16-നാണ് തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകൃതമായത്. ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി 26 ഹരിതകർമ്മ സേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും അതിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലാണ് ഹരിതകർമ്മസേനയുടെ അക്കൗണ്ട്. വീടുകളിൽ നിന്നും അജൈവ മാലിന്യം ശേഖരണത്തിന് 50 രൂപയും, കടകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 100 രൂപയുമാണ് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക്. യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഓണറേറിയം നൽകുന്നു.

ഹരിതകർമ്മസേനയ്ക്ക് അജൈവ മാലിന്യ ശേഖരണത്തിന് വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലും എം.സി.എഫ് ഉണ്ട്. മിനി എം.സി.എഫിൽ നിന്നും മെയിൻ എം.സി.എഫിലേക്ക് അജൈവ

മാലിന്യങ്ങൾ കൊണ്ടു വരുന്നതിന് വേണ്ടി വാടകയ്ക്കെടുത്ത വാഹനം ഉപയോഗിക്കുന്നു.

1. അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിലെ ആകെ ജനസംഖ്യ	12508
വാർഡുകളുടെ എണ്ണം,	13
ആൾ താമസമുള്ള വീടുകളുടെ എണ്ണം	3460
ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുള്ളവയുടെ എണ്ണം	3460
പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (Non-residential)	237
ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം	237
ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം	26

2. മാലിന്യ ശേഖരണ കാര്യക്ഷമത

ആൾ താമസമുള്ള എല്ലാ ഭവനങ്ങളിലും പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം എത്തിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും പ്രസ്തുത ഷെഡ്യൂൾ പ്രകാരം മാലിന്യ ശേഖരണം നടത്തുന്നുമുണ്ട്. 13 വാർഡുകളിൽ നിന്നും മാലിന്യങ്ങൾ സ്വീകരിച്ച് മിനി എം.സി.എഫ്-കളിലേക്ക് എത്തിക്കുകയും അവ തരംതിരിച്ച് എം.സി.എഫിൽ എത്തിക്കുകയുമാണ് ചെയ്തുവരുന്നത്. ഇതിനായി കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. എം.സി.എഫിൽ നിന്നും മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുകയും ചെയ്യുന്നു. പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബയോബിന്നുകൾ വിരണം ചെയ്തു വരുന്നുണ്ട്.

3) മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നുണ്ട്. പ്ലാസ്റ്റിക്, ചില്ല്, ഇ-വേസ്റ്റ് മുതലായവ പ്രത്യേകമായിത്തന്നെ ശേഖരിച്ചു വരുന്നു.

4 റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത പ്രോട്ടോക്കോളുകൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ലാൻഡ്ഫില്ലുകളോ ലെഗസി മാലിന്യ നിക്ഷേപങ്ങളോ ഇല്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ, കുടുംബശ്രീ യോഗങ്ങൾ, എന്നിവ മുഖേന അവബോധം നൽകിയിട്ടുണ്ട്.

ഹരിതകർമ്മ സേനാംഗങ്ങളായി 26 വനിതകൾ തൊഴിലെടുക്കുന്നുണ്ട്. ശരാശരി പ്രതിമാസ വരുമാനം 7500 രൂപയാണ്. ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രതിമാസം കുറഞ്ഞത് പതിനായിരം രൂപ ഉറപ്പുവരുത്തുന്നതിനുമുള്ള നപടികളൊന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിച്ചിട്ടില്ല. യൂസർ ഫീ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം വരെ ആകെ 10,50,000 രൂപ ലഭിച്ചിട്ടുണ്ട്.

7. അടിസ്ഥാന സൗകര്യ വികസനം

പഞ്ചായത്തിൽ ഒരു എം.സി.എഫ്., 13 മിനി എം.സി.എഫ്. എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിനായി കരാർ വ്യവസ്ഥയിലുള്ള വാഹനം ഉപയോഗിക്കുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോമും അനുബന്ധ സൗകര്യങ്ങളും നൽകിവരുന്നു.

8. പാരിസ്ഥിതിക ആഘാതം

നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയൽ, പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ

എന്നിവയുമായി ബന്ധപെട്ട് ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ആകസ്മിക പരിശോധനകൾ നടത്തിയിട്ടുണ്ട്.

9. പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ മാസവും അവലോകനയോഗം നടത്തി അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ക്യൂ.ആർ. കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ പുരോഗമിച്ച് വരുന്നു.

10) നിയമങ്ങൾ പാലിക്കൽ

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് പഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തിക്കുന്നത്. എല്ലാ മാസവും മീറ്റിംഗുകൾ നടത്തി അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

11. ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഒരു സംരംഭം എന്ന നിലയിൽ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖയിൽ വിഭാവനം ചെയ്യപ്പെട്ട പ്രകാരമുള്ള സാധ്യകൾ പ്രയോജനപ്പെടുത്താൻ ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടില്ല. ആയതിനുള്ള നീക്കങ്ങളും നടത്തിയിട്ടില്ല.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

1) അടിസ്ഥാന വിവരങ്ങൾ

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫും 13 മിനി എം.സി.എഫും പ്രവർത്തിക്കുന്നുണ്ട്. ടോയലറ്റ് സൗകര്യവും വിശ്രമിക്കാനുള്ള മുറിയും ഉണ്ട്. വൈദ്യുതസൗകര്യം, കുടിവെള്ളം എന്നിവ ലഭ്യമാണ്. എം.സി.എഫ്., മിനി എം.സി.എഫ്. എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ സാമൂഹിക പ്രശ്നങ്ങളൊന്നും നിലനിൽക്കുന്നില്ല.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഹരിത കർമ്മ സേനാംഗങ്ങൾ മിനി എം.സി.എഫ്-ൽ സൂക്ഷിക്കുകയും അവ തരം തിരിച്ച് സമയബന്ധിതമായും കാര്യക്ഷമമായും എം.സി.എഫ്-ലേക്ക് മാറ്റുകയും ചെയ്യുന്നു. എം.സി.എഫ്.-ൽ നിന്നും ക്ലീൻ കേരള കമ്പനി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

3. മാലിന്യ സംഭരണ ശേഷി

കളക്ഷൻ വാഹനത്തിന് വഴിസൗകര്യമുള്ള സ്ഥലത്താണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്.

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികൾക്ക് കൈയുറ, ഗംബൂട്ട്, മാസ്ക്, റെയിൻകോട്ട് എന്നിവ നൽകിയിട്ടുണ്ട്. ഇതൊഴിച്ച് മാലിന്യം ഇനം തിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF-ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളുകളോ സുരക്ഷാ നടപടികളോ ഏർപ്പെടുത്തിയിട്ടില്ല.

5. ശുചിത്വ മാനദണ്ഡങ്ങൾ

എം.സി.എഫ്-ന്റെ പരിസരത്ത് വെള്ളം കെട്ടി നിൽക്കുന്നതിനുള്ള സാഹചര്യം ഇല്ല.

6. യഥാസമയം, മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത്

എം.സി.എഫ്-ൽ നിന്നും കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചുകൊണ്ടു പോകുന്നുണ്ട്.

മാലിന്യങ്ങളുടെ വിലയായി ആകെ 52811 രൂപ ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. തരംതിരിക്കാത്ത മാലിന്യങ്ങൾ നീക്കം ചെയ്ത വകയിൽ 2023-24-ൽ 16300 രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുമുണ്ട്.

7. പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഹരിതകർമ്മസേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്താൻ സാധിക്കാത്തതും ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇത്തരം പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനും പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ ഭൂരിപക്ഷവും ശേഖരിച്ച് നീക്കം ചെയ്യുന്നതിനും ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

8. ഓഡിറ്റ് ശുപാർശകൾ

1) ഹരിത കർമ്മസേനാ പ്രവർത്തന മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ എം.സി.എഫ്.-ൽ സജ്ജമാക്കുന്നതിന് അടിയന്തിര നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. എം.സി.എഫ്-ലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഹരിത കർമ്മ സേനയുടെ സംരംഭ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. നിരന്തരം വികസിക്കുന്ന ഒരു സംരംഭ മേഖലയാണ് മാലിന്യ സംസ്കരണം. വരുമാനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം കൂടി സാധിക്കുന്നു എന്ന പ്രത്യേകത ഈ പ്രവർത്തനത്തിന് ഉണ്ട്. മാറുന്ന സാഹചര്യത്തിൽ ഹരിത കർമ്മസേനയ്ക്ക് ഒരു സംരംഭം എന്ന നിലയിൽ സാധ്യതകൾ നിരവധിയാണ്. അജൈവ മാലിന്യ സംസ്കരണം, ജൈവ മാലിന്യ സംസ്കരണം, ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, റിപ്പയറിംഗ്, പരിസര സൗന്ദര്യവത്ക്കരണം, ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സംരംഭ സാധ്യതകൾ തുടങ്ങി ഇതിനകം ഉയർന്നു വന്നതും ഇനി ഉരുത്തിരിയാൻ സാധ്യതകൾ ഉള്ളതുമായ ഒരു മേഖലയാണ് ഇത്. പ്രസ്തുത സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3) പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4) യൂസർ ഫീസ് കുടിശ്ശിക സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ് . യൂസർ ഫീസ് പിരിവ് 100% ആകുന്നതിന്റെ ഭാഗമായി ഈയിനത്തിലെ കുടിശ്ശിക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി പിരിച്ചെടുക്കാൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം നടപടികൾ സേനാംഗങ്ങൾക്ക് കൂടുതൽ വരുമാനത്തിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾക്കും വഴിയൊരുക്കും.

5) ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ബയോബിൻ, കമ്പോസ്റ്റ് കുഴി എന്നീ പദ്ധതികൾ വിപുലപ്പെടുത്തേണ്ടതാണ്.

6) പ്ലാസ്റ്റിക്ക് മാലിന്യത്തിൽ നിന്ന് വൈദ്യുതീകരണത്തിനുള്ള പൈപ്പ് നിർമ്മിക്കാനുള്ള യൂണിറ്റ് സ്ഥാപിക്കൽ പോലെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

7) വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്ന വേളയിൽ മാലിന്യസംസ്കരണം സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച ശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8) മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ സി.സി.ടി.വി. സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.

9) ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. 25.05.2024-ലെ സ.ഉ.(സാധാ)നം.912/2024/തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തന നടപടി ക്രമങ്ങളുടെ മാതൃകയിൽ എം.സി.എഫിന്റെ പ്രവർത്തനം നടപ്പാക്കേണ്ടതാണ്

10) ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാണ്.

11) വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

12) ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

13) എം.സി.എഫിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 11.10.2021-ലെ 4/DC1/202/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള ഫയർ ആന്റ് സേഫ്റ്റി എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഗുണഭോക്താവ് മരണപ്പെട്ടശേഷവും പെൻഷൻ കൈമാറി- 6,400 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ ക്ഷേമ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്ന ശ്രീമതി ജാനകി, മഗലത്ത് 10-01-2024-ൽ മരണപ്പെടുകയും 30-01-2024-ൽ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ക്ഷേമപെൻഷൻ സസ്പെന്റ് ചെയ്യേണ്ടതായിരുന്നു. അപ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നതുവഴി മരണത്തിന് ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 4 മാസത്തെ പെൻഷൻ തുക കൈമാറുകയുണ്ടായി. അതുവഴി 6,400 രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിന് ഉണ്ടായി. അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ് (വിശദാംശങ്ങൾക്ക് ഖണ്ഡിക 1-22 കാണുക).

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	6,40,000	ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം ജനറൽ (91/24)	6,40,000	ഇല്ല
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	20,40,000	ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം ജനറൽ (91/24)	20,40,000	ഇല്ല
,,	11,66,000	ലൈഫ് പദ്ധതി-പട്ടികജാതി (70/24)	11,66,000	,,

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര് (പ്രോജക്ട് നം.)	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം ചെലവ്	നീക്കിയിരിപ്പ്
1	ശ്രീലങ്കമുരുപ്പ് വാട്ടർ ടാങ്ക് നിർമ്മാണം (46/24)	KWA	28,98,500	ഇല്ല	28,98,500
2	വെറ്റിനറി ഹോസ്പിറ്റൽ കുടുംബക്ഷേമ ഉപകേന്ദ്രം -കുഴൽകിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ അനുബന്ധ പ്രവൃത്തികൾ (47/24)	GWA	1,11,000	ഇല്ല	1,11,000
3	ജി.ഡബ്ള്യൂ. യു.പി. സ്കൂളിൽ സോളാർ സ്ഥാപിക്കൽ (280/24	അനർട്ട്	2,50,109	2,50,109	ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ	വായ്പ തുക	തൻവർഷം	വർഷാരംഭത്തിൽ	തൻവർഷം	വർഷാവസാനം

പേര്/ഉദ്ദേശ്യം	(2022-23)	ലഭിച്ച തുക	തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തിരിച്ചടച്ച തുക		തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	47,44,550	28,80,000	(-)2,44,661	10,98,505	--	15,36,834

മുൻവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് എടുത്ത വായ്പയിൽ നിന്നും അധികം തുക റിക്കവറി നടത്തിയതിനാൽ പ്രാരംഭബാക്കി (-) ആയി രേഖപ്പെടുത്തിയിരിക്കുന്നു.

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	5,56,16,091	15,09,10,131
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,06,53,100	14,81,09,778
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ)	6,400	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല	

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
1-22		6,400	ശ്രീ. ഷാഹുൽ ഹമീദ്, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇറിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ഷാഹുൽ ഹമീദ്, സെക്രട്ടറി	സെക്രട്ടറി, തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്	ഷഹബാസ് മൻസിൽ, നൂറനാട് (വഴി) ആദിക്കാട്ടുകുളങ്ങര പി.ഒ.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	എൽ.എഫ്.പി.റ്റി.എ-പി7/203/10 തീയതി 13-1-11/22-3-12	4(3-11,3-12,3-13,3-14)
2007-08	എൽ.എഫ് പി.റ്റി.എ-പി9/242/12 തീയതി 14-5-12/16-11-12	1(3-5)
2009-10	എൽ. എഫ് പി റ്റി എ പി 9/ 262/12 തീയതി 06-06-12	3(3-1, 3-2, 3-3)
2013-14 & 2014-15	എൽ. എഫ് പി റ്റി എ പി 9/929/16 തീയതി 6.2.2016	3(2-1, 2-2, 3-4)
2015-16	കെ.എസ്.എ.പി.റ്റി.എ പി9/1450/16 തീയതി 20-01-2017	2(3-1,3-2)
2016-17	കെ.എസ്.എ.പി.റ്റി.എ പി9/1133/17 തീയതി 19-10-2017	4(3-11, 3-12, 3-18, 3-19)
2017-18	കെ.എസ്.എ.പി.റ്റി.എ പി9/1626/18 തീയതി 07-01-2019	4(2-3, 2-5, 2-10, 3-7)
2018-19	കെ.എസ്.എ.പി.റ്റി.എ പി9/199/20 തീയതി 20.03.2020	8 (1-13, 1-14, 1-18, 1-21, 1-23, 1-28, 4-2, 4-3)
2019-20	കെ.എസ്.എ.പി.റ്റി.എ പി9/607/21 തീയതി 01.10.2021	8 (1-15(a) ഒഴികെ, 1-18, 1-19, 1-20, 1-24, 1-25, 1-26, 4-1)
2020-21	കെ.എസ്.എ.പി.റ്റി.എ പി9/608/21 തീയതി 03.10.2021	9 (1-7, 1-14, 1-15, 1-16, 1-19, 1-20, 1-21, 1-24, 1-29)
2021-22	കെ.എസ്.എ.പി.റ്റി.എ പി9-1311/22 തീയതി 11.01.2023	11 (1-2, 1-12, 1-13, 1-16, 1-17, 1-18, 1-19, 1-21, 1-23, 1-29, 4-2)
2022-23	കെ.എസ്.എ.പി.റ്റി.എ പി9-872/23 തീയതി 16.09.2023	1-14, 1-16, 1-17, 1-18, 1-19, 1-20, 1-23, 1-24, 125, 1-26, 1-27, 1-31 മുതൽ 1-34, 1-40, 1-41, 1-43, 3-1, 3-2, 3-3, 4-2

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 30-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the THANNITHODE Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of THANNITHODE Grama Panchayat as on 31-03-2024

Date: **01/11/2024**

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of THANNITHODE Grama Panchayat for the Year 2023-2024 .

1.Major Observations

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. Cash Flow Statement-Net increase in cash flow does not match with the difference between opening balance and

closing
balance of cash and cash equivalents.
2. Lapses in making timely and accurate demand entries in respect of tax and non tax revenue.

3. Demand, Collection and Balances figures in respect of Proprtytax as per Annual Financial Statement does not match with the Sanchaya.

4. Schedule B-18: Amount deposited in various implementing agencies for deposit works is not accurate and reliable for audit.
5. Schedule B-4: Finance Commission grant share (Tide Fund)-Rs. 20,56,514 were spent in excess of the income. Thus the balance
amount appears as negative.

6(1). Scholarship for Scheduled Caste Students (Project No. 115/24) costing Rs.200000- wrongly booked under the head Furniture for SC Students (251100607).
6(2). Furniture was purchased for the Panchayat for Rs.69680. Out of which Rs.50,000 was wrongly booked under revenue head instead of being accounted under asset head (251101101). Balance amount is booked under asset head.
6(3). Expenditure (Rs. 7,55,921) recorded on appreciation of project assets namely conference hall renovation was wrongly booked under revenue head.
6(4) Rs.1,91,828 spent on crematorium is an expenditure of Asset appreciation, booked under revenue head (251130301) instead of asset head.
7. Schedule B11(e): Revenue from sale of Panchayat's official vehicle (Rs.2,46,000) has been accounted. . But accounts were not adjusted by reduction in asset value
8.Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.
9. Schedule B-15: Receivables for surcharge on Property tax (Current) Rs. 29114 is recorded as receivable. Such head does not exist.
10. Schedule B-16: Prepaid Programme Expense- Amount accounted for during the year Rs. 4,33,656 do not have proper records.

11. Journal vouchers are not authenticated.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്